**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 715** **06-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. അദാലത്തുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട പരാതികൾ അദാലത്ത് നടത്തി പരിഹരിക്കുന്ന നടപടികൾ കഴിഞ്ഞ കുറച്ച് വർഷങ്ങളായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അദാലത്തുകൾ നടത്തി പരാതികൾ ഇളവുകളോടെ തീർപ്പ് കൽപ്പിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | ഉണ്ട്. 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് അവസാനമായി കെ.എസ്.ഇ.ബി.എൽ ജില്ലാ തലത്തിൽ വൈദ്യുതി അദാലത്തുകൾ സംഘടിപ്പിച്ചിട്ടുള്ളത്. പിന്നീട് കോവിഡ് നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാൽ ജില്ലാതല വൈദ്യുതി അദാലത്തുകൾ നടത്തുവാൻ സാധിച്ചിട്ടില്ല.<br><br>എന്നാൽ 2021-ലും 2022-ലും കെ.എസ്.ഇ.ആർ.സി യുടെ അനുമതിയോടുകൂടി ഉപഭോക്താക്കൾക്ക് വൈദ്യുതി കുടിശ്ശികയുടെ പലിശ നിരക്കിൽ ഇളവുകൾ നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുകയും ഉപഭോക്താക്കളുടെ കുടിശ്ശിക സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുകയും ചെയ്തിരുന്നു. ഇളവുകൾ വേണ്ടി വരുന്ന മറ്റ പരാതികൾ പരിശോധിച്ച് അർഹതപ്പെട്ടവ Full Time Directors ന്റെ പരിഗണനയ്ക്ക് വിട്ട് ആവശ്യമായ ഇളവുകൾ ബോർഡ് തലത്തിൽ അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ